(സി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽനിന്നും മാതൃകാ നിയമാവലിയും അപേക്ഷയും മുന്ന് കോപ്പിവാങ്ങി ലൈബ്രറി പൊതുയോഗം അംഗീകരിച്ച് 100 രൂപ അഫിലിയേഷൻ ഫീസ് അടച്ച് താലൂക്ക് ലൈബ്രറി കൗൺസിലിന് നൽകണം.

(ഡി) അംഗ ഗ്രന്ഥശാലകൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയന്മാർക്ക് അലവൻസും നൽകുന്നു. സ്വന്തമായി സ്ഥലമുള്ള ലൈബ്രറികൾക്ക് കെട്ടിട ഗ്രാന്റ് അനുവദിക്കുന്നു. വിവിധ പദ്ധതി-പദ്ധതിയേതരപ്രവർത്തനങ്ങളും ഗ്രന്ഥശാലകളിൽ നടപ്പിലാക്കുന്നതിന് സഹായം നൽകുന്നു.

ഓപ്പൺ സ്കൂൾ പുനഃസംഘടന

6 (*665) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂൾ പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പുനഃസംഘടനയ്ക്കുള്ള തീരുമാനം ഏത് തലത്തിലാണ് കൈക്കൊണ്ടിട്ടുള്ളത് ; ഇതിന് അനുമതിയുണ്ടോ ;

(സി) ഓപ്പൺ സ്കൂളിന് നിലവിൽ മേഖലാ ഓഫീസുകൾ എവിടെയെല്ലാമാണ് ;

(ഡി) ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം തിരുവനന്തപുരത്തുനിന്നും മാറ്റുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ "സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോംഗ് എഡ്യൂക്കേഷൻ, കേരള (സ്കോൾ കേരള)" എന്ന ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റാനായി സർക്കാർ 2010-ൽ തീരുമാനിച്ചിട്ടുണ്ട്. അതിനു ശേഷം സർക്കാർ MOA അംഗീകരിച്ചുകൊണ്ട് ഉത്തരവായി. തുടർന്നുള്ള എസ്.സി.ഇ.ആർ.ടി ഗവേണിംഗ് ബോഡി MOA പുനഃപരിശോധിക്കാനായി ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചു. സബ് കമ്മിറ്റി MOA പരിശോധിച്ച ശേഷം ചില വ്യവസ്ഥകളിൽ ഭേദഗതി വരുത്തണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1999-ൽ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ എസ്.സി.ഇ.ആർ.ടി. യുടെ ഒരു വിഭാഗമായി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ തന്നെ ടി സ്ഥാപനം ക്രമേണ ഒരു സ്വതന്ത്ര സ്ഥാപനമായി മാറണം എന്നു പ്രതിപാദിച്ചിരുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തെ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ഒരു വിദഗ്ധ സമിതിയെ 2008-ൽ സർക്കാർ നിയമിച്ചു. ടി സമിതി 'സമർപ്പിച്ച റിപ്പോർട്ടിൽ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ''സ്കോൾ കേരള'' എന്ന ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശത്തെ സർക്കാർ അംഗീകരിച്ച് 2010-ൽ ഉത്തരവായിട്ടുണ്ട്.

(സി) നിലവിൽ മേഖലാ ഓഫീസ് മലപ്പുറത്ത് മാത്രമാണുള്ളത്.

(ഡി) ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം മാറ്റാൻ തീരുമാനം എടുത്തിട്ടില്ല.

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഏർപ്പെടുത്തിയ ജോയിന്റ് റിവ്യൂവിന്റെ റിപ്പോർട്ട്

6 (*666) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഏർപ്പെടുത്തിയ ജോയിന്റ് റിവ്യൂവിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിൽ സംസ്ഥാനത്തെ സ്കൂൾ മേഖല ഗുരുതരമായ നിലവാര തകർച്ച നേരിടുന്നതായി പറയപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അദ്ധ്യാപകർക്ക് ലഭിക്കേണ്ട പരിശീലനത്തിലെ നിലവാരത്തകർച്ച ഉണ്ടായിട്ടുള്ളത് പരിശോധിക്കുമോ ;

(ഡി) എസ്.സി.ഇ.ആർ.ടി-യിലെ പരിശീലകരുടെ വിദ്യാഭ്യാസ നിലവാരം തരംതാണതും അടിസ്ഥാനസൗകര്യം പോലുമില്ലാത്ത അവസ്ഥയിലുമാണുള്ള തെന്നതായ ആക്ഷേപം അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ-ഡി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം അംഗീകരിച്ച ജോയിന്റ് റിവ്യൂ മിഷൻ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly